# പുനരുത്ഥാനം, പ്രത്യാശയുടെ നിറദീപം

**സരോജ വർഗ്ഗീസ്, ന്യൂയോർക്ക്**



വസന്താഗമനം വിളിച്ചറിയിച്ച്കൊണ്ട് പ്രക്രുതി താരും തളിരുമണിയുകയായി. ആ സന്തോഷത്തിൽ പങ്ക്ചേരാനായി ഒപ്പം കിളികളുടെ കളകൂജനം. പ്രക്രുതിയുടെ ഈ നവചൈതന്യം യേശുവിൻെറ ഉയർത്തെഴുന്നേൽപ്പ് പ്രഘോഷിക്കുകയാണെന്ന് വിശ്വാസികൾ ചിന്തിക്കുന്നു. ഇല പൊഴിഞ്ഞ് നിന്ന വ്രുക്ഷങ്ങൾ, തണുപ്പിൽ കരിഞ്ഞ്പോയ പുൽചെടികൾ എല്ലാം വീണ്ടും പുതുജീവൻ കൈകൊണ്ട് നമ്മേ ആഹ്ലാദഭരിതരാക്കുന്നു. മൊട്ടിട്ട് നിൽക്കുന്ന ഓരോ പൂവ്വും നാളത്തെ പ്രഭാതത്തിൽ പൊട്ടിവിരിയാൻ വെമ്പി നിൽക്കയാണു്. സൂര്യോദയം ഉണ്ടെന്ന അവരുടെ വിശ്വാസത്തിനിളക്കമില്ല. പ്രതിവർഷം പ്രക്രുതിയുടെ ഈ പ്രക്രിയകൾ കാണുന്ന മനുഷ്യനും അവൻെറ വിശ്വാസങ്ങൾക്ക് ഉറപ്പ് വരുത്തുന്നു.

കുബേര-കുചേല വ്യത്യാസമില്ലാതെ, പണ്ഡിത-പാമര വിവേചനമില്ലാതെ ഏവരും ക്രുസ്തുവിൻെറ പുനരുത്ഥാനത്തിൽ വിശ്വസിച്ചു വരുന്നു. ഒരു കലാകാരൻ സ്വാനുഭവം രേഖപ്പെടുത്തിയത് വായിക്കാനിടയായത് ഇവിടെ പങ്കു വെയ്ക്കട്ടെ,

തെരുവിൽകൂടി നടന്നുപോകുമ്പോൾ അയാൾ ഒരു കടയുടെ മുമ്പിൽ സ്ഫടികാലമാരക്കുള്ളിലായി ക്രൂശിതനായ ക്രുസ്തുവിൻെറ ഒരു മനോഹര ചിത്രം കണ്ടു. അൽപ്പസമയം അയാൾ അവിടെ നിന്ന് ആ ചിത്രത്തിൻെറ കലാഭംഗി ആസ്വദിക്കുമ്പോൾ ഒരു തെരുവ് ബാലനും അവിടെ നിന്നിരുന്നു. അയാൾ കൗതുകപൂർവ്വം ആ ബാലനോട് ചോദിച്ചു. " ഈ ചിത്രം എന്താണെന്ന് നിനക്കറിയാമോ?" ബാലൻ ആശ്ചര്യപൂർവ്വം അയാളോട് മറുചോദ്യം ചോദിച്ചു. "അയ്യോ, താങ്കൾക്കറിയില്ലേ, കുരിശിൽ മുറിവേറ്റ് രക്തം വാർന്നൊഴുകി കിടക്കുന്നത യേശുവാണു്. ചുറ്റും നിൽക്കുന്നത് റോമാ പടയാളികളും. ദൂരെ മാറി നിന്ന് കരയുന്നത് യേശുവിൻെറ അമ്മയാണു്."

ആ ബാലൻെറ സംസാരത്തിലെ നിഷ്ക്കളങ്കതയേയും വിശ്വാസത്തേയും കുറിച്ച് ആലോചിച്ച്കൊണ്ട് അയാൾ നടന്നു നീങ്ങി. ഏതാനും മിനിറ്റുകൾക്കുള്ളിൽ ആ ബാലൻ

വളരെ ആവേശപൂർവ്വം അയാളുടെ പിന്നലെ എത്തി കിതച്ച്കൊണ്ട് പറഞ്ഞു. “ഞാൻ ഒരു കാര്യം താങ്കളോട് പറയാൻ മറന്നു പോയി. അദ്ദേഹം ഉയർത്തെഴുന്നേറ്റു.’’

കലാകാരൻ ആ വിവരം മുമ്പറിഞ്ഞിരുന്നോ, ഇല്ലയോ എന്ന് ഇവിടെ അന്വേഷിക്കേണ്ട കാര്യമില്ല. എന്നാൽ ആ വിവരം ലോകം മുഴുവൻ അത്യാഹ്ലാദപൂർവ്വം കൊണ്ടാടുന്നു. അതാണു ഈസ്റ്റർ എന്ന വിശേഷ ദിനത്തിൻെറ സന്ദേശം. ‘‘അവൻ മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു,’’ അവനിലൂടെ മനുഷ്യരാശി മുക്തി നേടുന്നു. അവനിൽ വിശ്വസിക്കുന്നവർക്ക് രക്ഷയുണ്ട്.

ശൂന്യമായ കല്ലറ യേശുക്രിസ്തുവിൻെറ പുനരുത്ഥാനത്തിൻെറ പ്രത്യക്ഷതെളിവാണു്.കല്ലറയിലടക്കപ്പെട്ട യേശുവിനെ കാണാനെത്തിയ ശിഷ്യസ്ത്രീകൾ ആണു് ഒഴിഞ്ഞ കല്ലറ ആദ്യം കാണുന്നത്. അവരുടെ സാക്ഷ്യം കേട്ട് എത്തിയ ക്രുസ്തുശിഷ്യന്മാരും ശൂന്യമായ കല്ലറയ്ക്കു സാക്ഷികളായി. തൻെറ മരണത്തെക്കുറിച്ചും മൂന്നാംദിവസമുള്ള പുനരുത്ഥാനത്തെക്കുറിച്ചും യേശു മുൻ കൂട്ടി അറിയിച്ചിരുന്നത് അപ്പോൾ അവരുടെ സ്മരണയിലെത്തി. ഇപ്പോൾ ഈ കാലത്ത് ജീവിക്കുന്ന നമുക്ക് ചുറ്റും പ്രക്രുതി വീണ്ടും നവയൗവ്വനയുക്തയാകുമ്പോൾ നമ്മിലും പ്രത്യാശയുടെ കിരണങ്ങൾ ഉണരേണ്ടതാണു്. ജീവിതയാത്രയിൽ നമുക്ക് പ്രയാസങ്ങളും, പ്രതിബന്ധങ്ങളുമുണ്ടാകുന്നുവെങ്കിലും അവ പരിഹരിക്കപ്പെടുന്നു, നമുക്കായി പുതിയ ദിവസം ഉദയം ചെയ്യുന്നു. കർത്താവ് അരുളിചെയ്തപോലെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകും. അത്‌വരേയും നമ്മൾ കാത്ത് സൂക്ഷിക്കേണ്ടത് വിശ്വാസമാണ്.

ക്രുസ്തു മരണത്തിന്മേൽ വിജയം വരിച്ചു. മരണത്തിൽ നിന്നും ജീവനിലേക്കും അസത്യത്തിൽ നിന്നും സത്യത്തിലേക്കും അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്കും ഞങ്ങളെ നയിക്കേണമേ എന്ന് ഭാരതീയ ദാർശനികർ ഉയർത്തിയിട്ടുള്ള പ്രാർത്ഥനയെ യേശുവിൻെറ പുനരുത്ഥാനം സാർത്ഥമാക്കുന്നു.

എല്ലാവർക്കും നന്മ നിറഞ്ഞ ഈസ്റ്റർ നേരുന്നു.

-----------------------------------